കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്ക്യു., തീയതി: 19.03.2024

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാ കേന്ദ്രത്തിൽ മാറ്റം**

ആറാം സെമസ്റ്റർ ബിരുദ (സപ്ലിമെന്ററി / മേഴ്സി ചാൻസ്) ഏപ്രിൽ 2024 പരീക്ഷകൾക്ക് തൃക്കരിപ്പൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് പരീക്ഷാ കേന്ദ്രം ആയി അപേക്ഷിച്ച വിദ്യാർഥികൾ , പ്രസ്തുത പരീക്ഷകൾക്ക് വിളയങ്കോട് ,വാദി ഹുദാ ഇൻസ്റ്റിട്യൂറ്റ് ഓഫ് റിസർച്ച് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ (WIRAS) ഹാജരാവേണ്ടതാണ് . പരീക്ഷകൾ , വെള്ളിയാഴ്ചകളിൽ രാവിലെ 9 .30 നും മറ്റു ദിവസങ്ങളിൽ 10 മണിക്കും ആരംഭിക്കും

**പരീക്ഷാ ഫലം**

കണ്ണൂർ സർവകലാശാല നടത്തിയ **നാലാം സെമസ്റ്റർ ബിടെക് ഡിഗ്രി സപ്ലിമെൻററി മേഴ്സി ചാൻസ്** (2007 - 2014 അഡ്മിഷൻ, പാർട്ട് ടൈം ഉൾപ്പെടെ), ഏപ്രിൽ 2023 പരീക്ഷാ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്. പുനപരിശോധന/സ്ക്രൂട്ടിനി/ഫോട്ടോകോപ്പി എന്നിവക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 03/04/2024 വൈകുന്നേരം 5 മണി.

**ടൈം ടേബിൾ**

08.04.2024 ന് ആരംഭിക്കുന്ന **നാലാം സെമസ്റ്റർ ബിരുദ** (റെഗുലർ / സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2024 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു .2014 മുതൽ 2018 വരെയുള്ള കാലയളവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള സപ്ലിമെന്ററി / മേഴ്സി ചാൻസ് പരീക്ഷകളുടെ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കും. പരീക്ഷകൾ , വെള്ളിയാഴ്ചകളിൽ രാവിലെ 9 .30 നും മറ്റു ദിവസങ്ങളിൽ 10 മണിക്കും ആരംഭിക്കും

ഒപ്പ്/-

അസിസ്റ്റൻറ് രജിസ്ട്രാർ I

പരീക്ഷാ വിഭാഗം.